# കേരള കാർഷിക സർവ്വകലാശാല
## കാർഷിക ഗവേഷണ കേന്ദ്രം
## മണ്ണുത്തി, ഫോൺ : 9446370726

**നമ്പർ:ഡി/825/13** **തീയ്യതി:22.01.2020**

**പുനർ-ക്വട്ടേഷൻ /ലേല പരസ്യം**

കാർഷിക ഗവേഷണ കേന്ദ്രത്തിന്റെ അധീനതയിൽ,കുറ്റിച്ചിറ ദേശത്തിനടുത്തായി നിൽക്കുന്ന (Q ബ്ലോക്ക്), താഴെ പറയും പ്രകാരമുള്ള മരങ്ങൾ 29.01.2020 ന് രാവിലെ 11.00 മണിക്ക് ഈ കേന്ദ്രത്തിൽ വെച്ച് നിബന്ധനകൾക് വിധേയമായി ക്വട്ടേഷൻ/ പരസ്യലേലം വഴി വിൽക്കുവാൻ തീരുമാനിച്ചിരിക്കുന്നു.

| ക്ര.നം | മരത്തിന്റെ നമ്പർ | ഇനം |
|---|---|---|
| 1. | 826 | വെൺതേക്ക് |
| 2. | 781 | വീട്ടി |

**വ്യവസ്ഥകൾ**

1. ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേല സമയത്തിനു മുൻപായ് സീൽ ചെയ്ത കവറിൽ ക്വട്ടേഷൻ ഈ കേന്ദ്രത്തിൽ സമർപ്പിക്കുകയോ , പരസ്യലേലത്തിൽ പങ്കെടുക്കുകയോ ചെയ്യാം. ക്വട്ടേഷൻ സമർപ്പിച്ചവർക്കും ലേലത്തിൽ പങ്കെടുക്കാവുന്നതാണ്.
2. ലേലത്തിൽ പങ്കെടുക്കുവാൻ 10,000 രൂപ നിരതദ്രവ്യം പണമായി ഈ കേന്ദ്രത്തിൽ അടക്കേണ്ടതാണ്.
3. ലേലത്തിൽ പങ്കെടുക്കുന്നവർ ഫോട്ടൊ പതിച്ച നിയമപരമായ തിരിച്ചറിയൽ രേഖകളിലേതെങ്കിലും നിർബന്ധമായും സമർപ്പിക്കേണ്ടതാണ്
4. ലേലതുകയോടൊപ്പം 5 % വനവികസന നികുതിയും , 18 % ഉല്പന്ന സേവന നികുതിയും, 2.5% ആദായനികുതിയും അടക്കേണ്ടതാണ്.
5. പരസ്യലേലത്തിനു ശേഷം സന്നിഹിതരായവരുടെ സാന്നിദ്ധ്യത്തിൽ ക്വട്ടേഷനുകൾ തുറന്നു പരിശോധിക്കുന്നതും , ലേലം / ക്വട്ടേഷൻ എന്നിവയിൽ കൂടിയ നിരക്ക് രേഖപ്പെടുത്തിയ വ്യക്തിക്ക് വില്പന ഉറപ്പിക്കുന്നതായിരിക്കും.
6. ലേലം/ ക്വട്ടേഷൻ ഉറപ്പിച്ച് കിട്ടുന്ന വ്യക്തി മൊത്തം തുകയുടെ മൂന്നിലൊന്ന് ഈ കേന്ദ്രത്തിൽ അടച്ച് രശീത് കൈപറ്റേണ്ടതും , ബാക്കിയുള്ള മുഴുവൻ തുകയും 3 ദിവസത്തിനുള്ളിൽ അടക്കേണ്ടതും , 7 ദിവസത്തിനുള്ളിൽ മരങ്ങൾ നീക്കം ചെയ്യേണ്ടതുമാണ്.
7. നികുതിയുൾപ്പടെ മുഴുവൻ തുകയും ഈ കേന്ദ്രത്തിൽ കെട്ടിവെച്ചതിനു ശേഷം മാത്രമേ മരങ്ങൾ കൊണ്ടുപോകുവാൻ അനുവദിക്കുകയുള്ളൂ. ഇതിൽ വീഴ്ച വരുത്തുന്ന പക്ഷം ടിയാന്റെ പേരിലുള്ള ലേലം റദ്ദ ചെയ്യുന്നതും, നിരതദ്രവ്യവും, അടച്ച മൂന്നിലൊന്നു തുകയും സർവ്വകലാശാലയിലേക്ക് മുതൽകൂട്ടുന്നതും കൂടാതെ സർവ്വകലാശാലയ്ക്ക് ഇതുമൂലം വരുന്ന സാമ്പത്തിക നഷ്ടം ടിയാന്റെ പക്കൽ നിന്നും ഈടാക്കുന്നതും , മരങ്ങൾ പുനർലേലം ചെയ്യുന്നതുമായിരിക്കും.

8. രാവിലെ 10 മുതൽ വൈകിട്ട് 4 മണി വരെയുള്ള സമയത്ത്, അംഗീകൃത വഴിയിലൂടെ ഗേറ്റ് പാസ് ഹാജരാക്കിയാൽ മാത്രമേ മുറിച്ചതിന മരങ്ങൾ കൊണ്ടുപോകാൻ അനുവദിക്കുകയുള്ളൂ.

9. മരങ്ങൾ സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും മുറിക്കേണ്ടതും, മരത്തടി/വിറക് കൊണ്ടുപോകേണ്ടത് സർവ്വകലാശാല ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിലുമായിരിക്കണം. മരങ്ങൾ മുറിക്കുമ്പോഴും, കൊണ്ടുപോകുമ്പോഴും ചുറ്റുമുള്ള വൈദ്യുത കമ്പികൾ,ചുറ്റുമതിൽ ഉൾപ്പടെയുള്ള സ്ഥാവരജംഗമ വസ്തുക്കൾക്ക് യാതൊരു നാശനഷ്ടവും സംഭവിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഏതെങ്കിലും വിധത്തിലുള്ള നാശനഷ്ടങ്ങൾ സർവ്വകലാശാലക്ക് ഉണ്ടാകുന്ന പക്ഷം അതിന്റെ പൂർണ്ണമായ ഉത്തരവാദിത്വം ലേലം/ക്വട്ടേഷൻ ഉറപ്പിച്ച് കിട്ടിയ വ്യക്തിയുടെ മേൽ നിക്ഷിപ്തമായിരിക്കുന്നതും നഷ്ടപരിഹാരം ടിയാന്റെ കയ്യിൽ നിന്നും ഈടാക്കുന്നതുമാണ്.

10. സർക്കാർ ലേലം/ക്വട്ടേഷൻ സമ്പന്ധിച്ച എല്ലാ നിബന്ധനകളും ഈ ലേലം/ക്വട്ടേഷനും ബാധകമാണ്.

11. ലേലം/ക്വട്ടേഷൻ സംബന്ധിച്ച ഏതൊരു കാര്യത്തിനും അന്തിമതീരുമാനം കൈക്കൊള്ളുന്നതിനുള്ള അവകാശം കേന്ദ്രമേധാവിയിൽ നിക്ഷിപ്തമായിരിക്കും

12. മരങ്ങൾ നേരിട്ട് കണ്ടു പരിശോധിക്കുവാനും, മറ്റ് വിവരങ്ങൾ അറിയുന്നതിനും മണ്ണുത്തി കാർഷിക ഗവേഷണ കേന്ദ്രവുമായ് പ്രവർത്തി സമയങ്ങളിൽ ബന്ധപ്പെടാവുന്നതാണ്.

13. ഏതെങ്കിലും കാരണത്താൽ ലേലം/ക്വട്ടേഷൻ ദിവസം അവധി ദിവസമായി വരികയാണെങ്കിൽ, ലേലം/ക്വട്ടേഷൻ അടുത്ത ദിവസം തന്നെ നിശ്ചയിച്ച സമയത്ത് തന്നെ നടത്തുന്നതായിരിക്കും .

**പ്രൊഫസ്സർ ആൻഡ് ഹെഡ്**